പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1165 — 11.7.2011-ൽ മറുപടിക്ക്

## "എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക ദീർഘകാല പാക്കേജുകൾ"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നത് മൂലം ദുരിതത്തിലാകുന്നവരെ സഹായിക്കാൻ പ്രത്യേക ദീർഘകാല പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) കാസർഗോഡ് ജില്ലയിലെ 11 ഗ്രാമപഞ്ചായത്തിലെ ദുരിതബാധിതരുടെ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചുകൊണ്ട് പ്രവർത്തനമാരംഭിച്ച സെല്ല് വഴി താഴെ പറയുന്ന സേവനങ്ങളാണ് ലഭ്യമാക്കിയത്.<br>1. വിദഗ്ദ്ധ ചികിത്സ നിർദ്ദേശിക്കപ്പെട്ട രോഗികൾക്ക് ആയത് ലഭ്യമാക്കൽ.<br>2. ദീർഘകാലം മരുന്നു കഴിക്കാൻ നിർദ്ദേശിക്കപ്പെട്ട രോഗികൾക്കുള്ള മരുന്ന് ലഭ്യമാക്കൽ.<br>3. ദുരിതബാധിതരിൽ ശാരീരിക വൈകല്യം അനുഭവിക്കുന്നവർക്കുള്ള ദൃശ്യ-ശ്രാവ്യ-ചലനോപകരണങ്ങൾ ലഭ്യമാക്കൽ.<br>രോഗികൾക്ക് ചികിത്സാ ആശ്വാസ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 2007-ൽ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുടർന്ന് 2010-ൽ CMDRF -ൽ നിന്ന് 15 ലക്ഷം രൂപ കൂടി അനുവദിച്ചു.<br><br>ആരോഗ്യമേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾക്കു പുറമേ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകുന്നതിനായി ജില്ലയിൽ 3 മൊബൈൽ മെഡിക്കൽ ടീമുകൾ നിലവിലുണ്ട്. അലോപ്പതി-ആയുർവേദ |

-ഹോമിയോ ഡോക്ടർമാർ, ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മാനസിക വൈകല്യമുള്ളവരെ പരിശീലിപ്പിക്കുന്നതിനുള്ള Special Educator, Psychiatric Social Worker എന്നിവരടങ്ങുന്ന മെഡിക്കൽ സംഘം ആശുപത്രികളിലും കിടപ്പിലായ രോഗികളുടെ വീടുകളിലുമെത്തി ചികിത്സ ലഭ്യമാക്കുന്നു. ഇതിനകം 2430 ആളുകൾ ഈ ടീമിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആവശ്യമനുസരിച്ച് തുടർചികിത്സ കൂടി ലഭ്യമാക്കി വരുന്നു.

കിടപ്പിലായ രോഗികൾക്ക് സാന്ത്വനചികിത്സ ലഭ്യമാക്കുന്നതിനായി 11 ഗ്രാമപഞ്ചായത്തുകളിലും സ്റ്റാഫ് നഴ്സിനെ നിയമിക്കുകയും ഓരോ വാഹനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനവും ഇവിടങ്ങളിൽ ലഭ്യമാണ്.

വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് ആയത് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് 11 ആശുപത്രികളിൽ ആവശ്യമായ ക്രമീകരണം വരുത്തിയിട്ടുണ്ട്.

കിടപ്പിലായവരും ഗുരുതരമായ അസുഖങ്ങൾ ബാധിച്ചവരുമായ രോഗികൾക്ക് പ്രതിമാസം 2000/- രൂപയും അല്ലാത്തവർക്ക് പ്രതിമാസം 1000 രൂപയും സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി തുക വിതരണം ചെയ്തുവരുന്നു.

തദ്ദേശഭരണസ്ഥാപനങ്ങളിൽ ബഡ്സ് സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ

| | |
|---|---|
| | ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി NRHM പദ്ധതിയുടെ ഭാഗമായി 165 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്<br><br>കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായത്തോടുകൂടി ചെറുതുരുത്തി ദേശീയ പഞ്ചകർമ്മ ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ്, ചീമേനി എന്നീ ആയുർവേദ ആശുപത്രികളിലായി എൻഡോസൾഫാൻ ദുരിതബാധിതർക്ക് പഞ്ചകർമ്മ ചികിത്സയുള്ള ക്രമീകരണം ഏർപ്പെടുത്തുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 50 രോഗികൾക്ക് ഇതിന്റെ ഭാഗമായി സേവനം ലഭ്യമാക്കുന്നതാണ്.<br><br>സെല്ലിന്റെ പ്രവർത്തനം ആരംഭിച്ച സമയത്തുണ്ടായിരുന്ന സ്ഥിതിയിൽ നിന്നും വ്യത്യസ്തമായി നേരത്തെ ഉൾപ്പെട്ട 11 ഗ്രാമപഞ്ചായത്തുകൾക്ക് പുറത്തുനിന്നുള്ള 22 ഗ്രാമപഞ്ചായത്തുകളിലേയും ആളുകൾകൂടി ദുരിതബാധിതരുടെ നിലവിലുള്ള പട്ടികയിൽ ഉൾപ്പെടുന്നു. |
| ബി) എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾക്കു പകരം വിഷം കുറഞ്ഞ മറ്റ് കീടനാശിനികൾ പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പ് സജ്ജമാക്കുമോ? | ബി) സർക്കാർ ഉത്തരവ് പ്രകാരം നിരോധിച്ച കടും ചുവപ്പും മഞ്ഞയും നിറത്തിലുള്ള കീടനാശിനികൾക്ക് പകരമായുള്ള കീടനാശിനികൾ നിർദ്ദേശിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ബദലായി നിർദ്ദേശിച്ചിട്ടുള്ള കീടനാശിനികൾ സസ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അളവിൽ സ്റ്റോക്കുണ്ട് എന്ന് ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംയോജിത കീടനിയന്ത്രണ മാർഗ്ഗമാണ് പ്രോത്സാഹിപ്പിക്കുന്നത്. സംസ്ഥാനത്ത് ജൈവകൃഷി നയത്തിന്റെ ഭാഗമായി കാർഷിക മേഖലയെ 10 വർഷം കൊണ്ട് പൂർണ്ണമായ ജൈവ കൃഷിയിലേയ്ക്ക് മാറ്റുന്നതിനാണ് സംസ്ഥാന സർക്കാർ |

| | |
|---|---|
| | ലക്ഷ്യമിടുന്നത്. കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടികൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ